<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അനിൽ അക്കര ഒരു റൂൾ ക്വാട്ട് ചെയ്യാതെ എഴുതിത്തന്നിരിക്കുകയാണ്. വ്യക്തിപരമായ വിശദീകരണത്തിന് 288 എന്ന ചട്ടമുണ്ട്. അതിൽ ചർച്ചയോ തർക്കമുള്ള വിഷയങ്ങളോ ഉന്നയിക്കാൻ പാടില്ല.

<u>ശ്രീ. അനിൽ അക്കര</u>: അടാട്ട് ഫാർമേഴ്സ് ബാങ്കിൽ മലയാളം ഓർഗാനിക് ചെയർമാൻ എന്ന നിലയിൽ ചെക്ക് കൊടുത്തിട്ടുണ്ട്. ആ ചെക്ക് മടങ്ങിയിട്ടുണ്ടാകാം. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. ഞാൻ പറഞ്ഞത്, അടാട്ട് ഫാർമേഴ്സ് ബാങ്കിൽ അനിൽ അക്കര എന്ന പേരിൽ വ്യക്തിപരമായി ഞാൻ ചെക്ക് കൊടുത്തിട്ടില്ല. രണ്ടാമത്, ഞാൻ എം.എൽ.എ. ആകുന്നതിനു തൊട്ടുമുമ്പ് ഭാരവാഹിത്വം ഒഴിഞ്ഞിട്ടുള്ളതാണ്. അവിടെ മലയാളം ഓർഗാനികിന് ചെയർമാനോ എം.ഡി.-യോ ആരാണുള്ളതെന്ന് എനിക്കറിയില്ല. അവിടെ സാമ്പത്തികമായി ഇപ്പോഴും ആ ബാങ്കുമായി ക്രയവിക്രയം നടത്തി ക്കൊണ്ടിരിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ആ കമ്പനിയുമായി അന്വേഷിക്കണം. അതിന് എന്നെ വ്യക്തിപരമായി പറയരുത്. 1,25,000 രൂപ യാണ് 1998-ൽ ആ ബാങ്കിൽ നിന്നുമെടുത്തിട്ടുള്ളത്. ഇത് ആർബിട്രേഷൻ കോടതി വിധിയാണ്. കോടതിവിധിക്കു മുകളിൽ വേറെ വിധിയുണ്ടോ? അദ്ദേഹം സഭയെ

തെറ്റിദ്ധരിപ്പിക്കുകയാണ്. ഞാൻ ഇപ്പോഴും പറഞ്ഞ കാര്യത്തിൽ ഉറച്ചുനിൽക്കുകയാണ്. ഒരു രൂപയുടെ ബാധ്യതയോ മറ്റോ എനിക്ക് അവിടെയില്ല.

(ശ്രീ. ഷാഫി പറമ്പിൽ)